പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 607 03/03/2020 - ൽ മറുപടിക്ക്

## സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് അറിയിക്കുമോ; | എ) | 1. കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ പരിശോധിക്കുന്നതിന് മാർഗ്ഗനിർദ്ദേശം ആഡിറ്റർമാർക്ക് നൽകിയിട്ടുണ്ട്.<br>2. ആഡിറ്റർമാർക്ക് ആഡിറ്റ് സംബന്ധിച്ച് തുടർച്ചയായ പരിശീലനം നൽകിവരുന്നു.<br>3. സ്വർണ്ണപണയ പണ്ടങ്ങളുടെ പരിശോധന കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>4. വകുപ്പുതലത്തിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം പ്രതിമാസം താലൂക്ക്/ജില്ലാ/ സംസ്ഥാന തലത്തിലും നടത്തുന്നുണ്ട്.<br>5. ആഡിറ്റ് മാന്വൽ പരിഷ്കരണം അന്തിമ ഘട്ടത്തിലാണ്<br>6. പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>7. അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തികനില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>8. ആഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | ഓഡിറ്റിംഗ് കളിലെ കാലതാമസം | ബി) | സ്വീകരിച്ചുവരുന്നു. സഹകരണ നിയമത്തിൽ നിഷ്കർഷിക്കുന്ന സമയത്ത് ആഡിറ്റ് |

| | | | |
|---|---|---|---|
| | ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | | പൂർത്തിയാക്കുന്നതിന് മുൻകൂർ വാർഷിക പ്രോഗ്രാം തയ്യാറാക്കി ആയതനുസരിച്ച് ആഡിറ്റ് പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. ആഡിറ്റ് പുരോഗതി സംസ്ഥാന/ജില്ലാ/സർക്കിൾ തലത്തിൽ പ്രതിമാസം അവലോകനം ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു. വിവിധ കാരണങ്ങളാൽ കോടതിയിലോ, പോലീസിലോ റിക്കാർഡുകൾ സൂക്ഷിച്ചതുകൊണ്ടും കണക്കെഴുതി പൂർത്തിയാക്കുന്നതിൽ കാലതാമസമുള്ളതുകൊണ്ടും സോഫ്റ്റ് വെയറിൽ കൃത്രിമം കാണിച്ചിട്ടുള്ളതുമായ സംഘങ്ങളുടെ ആഡിറ്റ് ഒഴികെ മറ്റ് ആഡിറ്റുകൾ അനുവദനീയമായ സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**